കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

# കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജി

കോലാഹലമേട്, ഇടുക്കി ജില്ല -685 501

web: www.kvasu.ac.in

No.KVASU/CDST/KLMD/G/865/2022 Kolahalamedu: Dtd. 16/07/2026

## ക്വട്ടേഷൻ നോട്ടീസ്

കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയുടെ കോലാഹലമേട് കാമ്പസിലെ ഡെയറി കോളേജിന്റെ കീഴിലുള്ള കാന്റീൻ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുന്നതിന് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. അടുക്കളയും, സാധാരണ ഡൈനിംഗ് ഹാളും ഉള്ള കാന്റീനിലേക്കാണ് ടി ക്വട്ടേഷനുകൾ ക്ഷണിക്കുന്നത്. ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുമ്പ് നിർദ്ദിഷ്ട കെട്ടിടം കണ്ട് സൗകര്യങ്ങൾ മനസ്സിലാക്കേണ്ടതാണ്.

**കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ**

ക്വട്ടേഷൻ സമർപ്പിക്കുന്ന മുദ്ര വെച്ച കവറിനു പുറത്ത് ***കരാർ അടിസ്ഥാനത്തിൽ കോലാഹലമേട് ഡെയറി കോളേജിലെ കാന്റീൻ നടത്തിപ്പിനായി സമർപ്പിക്കുന്ന ക്വട്ടേഷൻ*** എന്ന് രേഖപ്പെടുത്തിയിരിക്കണം.

| | |
|---|---|
| വിലാസം | സ്പെഷ്യൽ ഓഫീസർ, സി.ഡി.എസ്.ടി, കോലാഹലമേട് |
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാനതീയതി, സമയം | 28.07.2026, 11.30 AM |
| ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം | 28.07.2026, 3.00 PM |
| നിരത ദ്രവ്യം | സ്പെഷ്യൽ ഓഫീസർ, സി.ഡി.എസ്.ടി, കോലാഹലമേട് എന്ന പേരിൽ എസ്.ബി.ഐ.വാഗമൺ മാറാവുന്ന 1000/- (ആയിരം രൂപ മാത്രം) ഡിമാന്റ് ഡ്രാഫ്റ്റ്/ പണമായി നേരിട്ട് ഓഫീസിൽ അടയ്ക്കാവുന്നതാണ് |
| കരാർ പ്രാബല്യം | ഉടമ്പടി തീയതി മുതൽ ഒരു വർഷം |
| സെക്യൂരിറ്റി തുക | സ്പെഷ്യൽ ഓഫീസർ, സി.ഡി.എസ്.ടി, കോലാഹലമേട് എന്ന പേരിൽ എസ്.ബി.ഐ.വാഗമൺ മാറാവുന്ന 50,000/- (അമ്പതിനായിരം രൂപ മാത്രം) ഡിമാന്റ് ഡ്രാഫ്റ്റ് / പണമായി നേരിട്ട് ഓഫീസിൽ അടയ്ക്കാവുന്നതാണ് |

ക്വട്ടേഷൻ ഇതോടൊപ്പം അനുബന്ധമായി തന്നിരിക്കുന്ന മാതൃകയിൽ (അനുബന്ധം I & II) തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. മറ്റ് നിബന്ധനകൾ ചുവടെ ചേർക്കുന്നു.

നിബന്ധനകള്

1. ക്വട്ടേഷൻ സ്പെഷ്യൽ ഓഫീസർ, കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജി, കോലാഹലമേട് എന്ന് അഭിസംബോധന ചെയ്യേണ്ടതാണ്. ***"കരാർ അടിസ്ഥാനത്തിൽ കോലാഹലമേട് ഡെയറി കോളേജിലെ കാന്റീൻ നടത്തിപ്പിനായി സമർപ്പിക്കുന്ന ക്വട്ടേഷൻ"*** എന്ന് കൃത്യമായി കവറിന് മുകളിൽ രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ക്വട്ടേഷൻ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
2. കോളേജ് അധികാരിയിൽ നിന്നും അറിയിപ്പ് ലഭിക്കുന്നതിനനുസൃതമായി, കരാറുകാരൻ കാന്റീനിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. അതിന് മുൻപ് എല്ലാ കരാർ വ്യവസ്ഥകളും പൂർത്തീകരിക്കുകയും വേണം.
3. ക്വട്ടേഷൻ/കരാർ ഉറപ്പിച്ച് അറിയിപ്പ് ലഭിച്ച ശേഷം കരാറുകരാൻ 200 രൂപ മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിൽ സ്ഥാപന മേധാവിയുമായി കരാർ വ്യവസ്ഥ ഒപ്പ് വയ്ക്കേണ്ടതാണ്.
4. കാന്റീൻ നടത്തിപ്പിനായുള്ള അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ കരാറുകാരൻ, സെക്യൂരിറ്റി തുകയായി 50,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് - സ്പെഷ്യൽ ഓഫീസർ, കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജി, കോലാഹലമേട് എന്ന പേരിൽ അടക്കേണ്ടതാണ്. (പണമായി നേരിട്ട് ഓഫീസിലും അടയ്ക്കാവുന്നതാണ് )
5. 2026 ജൂലൈ 28 ന് രാവിലെ 11.30 വരെ ലഭ്യമാകുന്ന എല്ലാ ക്വട്ടേഷനുകളും കാന്റീൻ കമ്മിറ്റി സൂക്ഷ്മപരിശോധനകൾക്ക് വിധേയമാക്കി, എല്ലാ വശങ്ങളും പരിഗണിച്ചശേഷം 30.07.2026 ന് കൂടുന്ന കാന്റീൻ കമ്മിറ്റി തീരുമാനിക്കുന്ന കക്ഷിക്ക് കരാർ നൽകപ്പെടുന്നതാണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തുന്ന ഭക്ഷണത്തിന്റെ കുറഞ്ഞ വില മാത്രം പരിഗണിച്ചായിരിക്കില്ല കരാർ ഉറപ്പിച്ച് നൽകുന്നത്.
6. ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തികളോട് യാതൊരു കാരണവും ബോധിപ്പിക്കാതെ ക്വട്ടേഷൻ നിരാകരിക്കാനും ക്വട്ടേഷൻ നടപടികൾ റദ്ദാക്കാനുമുള്ള പരിപൂർണ്ണ അവകാശം കോളേജ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
7. ഭക്ഷണശാലകൾ പ്രവർത്തിപ്പിച്ച് അനുഭവസമ്പത്തുള്ള വ്യക്തികൾക്ക് മുൻഗണന നൽകുന്നതായിരിക്കും. അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്. ആവശ്യപ്പെടുന്ന പക്ഷം അസ്സൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
8. കരാറുകാരന് കാന്റീൻ നടത്തുന്നതിന് വേണ്ടതായ FSSAI (Food Safety and Standards Authority of India) രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. ഭക്ഷണം തയ്യാറാക്കി വിളമ്പുന്ന ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമായി ഉണ്ടായിരിക്കേണ്ടതാണ്.
9. കരാറുകാരൻ ഭക്ഷണശാല നടത്തുന്നതിനായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള തൊഴിൽ സംബന്ധമായ അനുമതി പത്രങ്ങൾ, സംസ്ഥാന തൊഴിലാളി ജീവൻ നിയന്ത്രണ നിയമങ്ങൾ, അടിസ്ഥാന വേതന നിയമം, നഷ്ട പരിഹാര നിയമം തുടങ്ങി സർക്കാർ അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് എല്ലാ തർക്കങ്ങളുടെയും പരിപൂർണ്ണ ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.
10. കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുശാസിക്കുന്ന ചട്ടപ്രകാരമുള്ള തൊഴിലാളികൾക്കുള്ള മിനിമം വേതനം, ക്ഷേമനിധി (ഇ.എസ്.ഐ.), ഇ.പി.എഫ്. ആനുകൂല്യങ്ങൾ എന്നിവ കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്.

തൊഴിലാളികൾക്കുള്ള ഇ.എസ്.ഐ., ഇ.പി.എഫ്. ആനുകൂല്യങ്ങളും ആദായനികുതി മുതലായവ തൊഴിലാളികളിൽ നിന്നും ഈടാക്കി സമയാസമയങ്ങളിൽ അതാത് ഏജൻസികളിൽ അടവാക്കേണ്ടത് കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്തമാണ്.

11. കരാറുകാരൻ ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന എല്ലാ സാക്ഷ്യപത്രങ്ങളും കരുതിയിരിക്കേണ്ടതും ജീവനക്കാരുടെ നിയമപ്രകാരമുള്ള വൈദ്യപരിശോധനകൾ നിർദ്ദിഷ്ഠ സമയങ്ങളിൽ നടത്തേണ്ടതുമാകുന്നു. ഇതിൽ എന്തെങ്കിലും വീഴ്ചയുണ്ടായാൽ അതിന് കോളേജ് ഉത്തരവാദിയായിരിക്കുന്നതല്ല.
12. എല്ലാവിധ നികുതികളും യഥാസമയം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതും, അല്ലാത്ത പക്ഷം വരുന്ന എല്ലാ പിഴവുകൾക്കും കരാറുകാരൻ സ്വയം ഉത്തരവാദി ആയിരിക്കുന്നതുമാണ്.
13. കരാറിന്റെ സമയപരിധി ഉടമ്പടി തീയതി മുതൽ 12 മാസം കാലയളവിലേക്കാണ്. തക്കതായ കാരണം ഉണ്ടെങ്കിൽ മാത്രം അതിനു ശേഷം കരാർ നീട്ടുന്നത് സ്പെഷ്യൽ ഓഫീസറുടെ വിവേചനാധികാരമാണ്.
14. അവധി ദിവസം ഉൾപ്പെടെ എല്ലാ ദിവസങ്ങളിലും കാന്റീൻ പ്രവർത്തിക്കേണ്ടതാണ്. കാന്റീനിന്റെ പ്രവൃത്തി സമയം രാവിലെ 7.00 മണി മുതൽ വൈകിട്ട് 8.30 വരെയാണ്. ഏതെങ്കിലും അസാധാരണ സാഹചര്യങ്ങളിൽ കാന്റീൻ പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ടാൽ അത് മുൻകൂട്ടി അറിയിച്ച് അനുമതി വാങ്ങേണ്ടതും പകരം സംവിധാനം ഏർപ്പാടാക്കേണ്ടതുമാണ്.
15. കാന്റീനിന്റെ Name Board “CDST CANTEEN, KOLAHALAMEDU, Kerala Veterinary and Animal Sciences University” എന്നു മാത്രമേ വെക്കാവൂ.
16. വാഷ് ഏരിയയ്ക്കടുത്ത് സമീപം പുതുതായി നിർമ്മിച്ച ഭാഗം കോളേജ് ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും മാത്രമായി നീക്കിവച്ചിട്ടുള്ളതാണ്. ഇവിടെ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്നതല്ല. പൊതു സേവനങ്ങൾക്ക് കാന്റീനിന്റെ പഴയ ഭാഗം (മുൻഭാഗം) മാത്രമാണ് ഉപയോഗിക്കാവുന്നത്. ഈ നിബന്ധന മാറ്റങ്ങൾക്കോ ഇളവുകൾക്കോ വിധേയമായിരിക്കില്ല.
17. അനുബന്ധ പട്ടികയിൽ തന്നിട്ടുള്ള ആഹാരപദാർത്ഥങ്ങളുടെ ശരാശരി തൂക്കം, വില, എന്നിവ ക്വട്ടേഷനിൽ പ്രത്യേകം പ്രതിപാദിക്കേണ്ടതാണ്. അനുബന്ധ പട്ടികയിൽ പറഞ്ഞിട്ടുള്ള ആഹാരസാധനങ്ങൾക്ക് പുറമേ, മറ്റ് അനുയോജ്യമായ ഭക്ഷണ വിഭവങ്ങളും നൽകാവുന്നതാണ്. അതിന്റെ വില ക്വട്ടേഷനിൽ പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്.
18. കരാറുകാരൻ, കോളേജ് അംഗീകരിച്ച അനുബന്ധമായി ചേർത്തിരിക്കുന്ന വിദ്യാർത്ഥി മെസ് ഷെഡ്യൂൾ കർശനമായി പാലിക്കണം. കരാർ നടപ്പിലാക്കുന്ന സമയത്തോ അല്ലെങ്കിൽ കോളേജ് പിന്നീട് രേഖാമൂലം അറിയിക്കുന്ന സമയത്തോ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരത്തെ ലഘുഭക്ഷണം, അത്താഴം എന്നിവ നൽകേണ്ടതാണ്. ഭക്ഷണം വേഗത്തിലും കാര്യക്ഷമമായും വിതരണം ചെയ്യുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമായിരിക്കും.
19. കോളേജ് അധികാരികളുടെ മുൻകൂർ രേഖാമൂലമുള്ള അനുമതിയില്ലാതെ, ഒരു സാഹചര്യത്തിലും കരാറുകാരൻ താൽക്കാലികമായോ സ്ഥിരമായോ ഭക്ഷണ സേവന സമയം പരിഷ്കരിക്കുകയോ പുനഃക്രമീകരിക്കുകയോ കാലതാമസം വരുത്തുകയോ ചെയ്യരുത്. അംഗീകൃത ഷെഡ്യൂളിലെ ഏതെങ്കിലും ഏകപക്ഷീയമായ മാറ്റം കരാറിന്റെ ഗുരുതരലംഘനമായി കണക്കാക്കി കരാർ അവസാനിപ്പിക്കുന്നതിനും കാരണമായേക്കാം.

20. എല്ലാ പായ്ക്ക് ചെയ്ത ഭക്ഷ്യ വസ്തുക്കളും എം.ആർ.പി. വിലയിൽ കൂടുതൽ വാങ്ങുവാൻ പാടില്ല, എല്ലാ ഉപഭോക്താക്കൾക്കും നിയമം അനുശാസിക്കുന്ന നിരക്കിൽ ബില്ലുകൾ നൽകേണ്ടതാണ്.
21. വെറ്ററിനറി സർവ്വകലാശാലയിലെ ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കും, തൊഴിലാളികൾക്കും ഒഴികെ പൊതുജനങ്ങൾക്ക് നൽകുന്ന ഭക്ഷണത്തിന് വെവ്വേറെ നിരക്കുകൾ കാണിക്കാവുന്നതാണ്.
22. പാചകത്തിനുപയോഗിക്കുന്ന എല്ലാ വസ്തുക്കളുടെയും ഗുണനിലവാരം കരാറുകാരൻ ഉറപ്പാക്കേണ്ടതാണ്. പഴകിയ ഭക്ഷ്യവസ്തുക്കൾ കാന്റീനിൽ യാതൊരു കാരണവശാലും വിൽപ്പന നടത്താൻ പാടുള്ളതല്ല. ഒരു ദിവസം ഉപയോഗിച്ച എണ്ണ,മുതലായ വസ്തുക്കൾ അടുത്ത ദിവസത്തെ ഭക്ഷണം തയ്യാറാക്കുന്നതിനായി ഉപയോഗിക്കാൻ പാടുള്ളതല്ല
23. കാന്റീനിൽ ഭക്ഷണ സാധനങ്ങൾ കൂടാതെ യാതൊരു വിധ ലഹരി വസ്തുക്കളും പ്രവേശിപ്പിക്കുവാനോ, വിപണനം നടത്തുവാനോ ഭക്ഷ്യവസ്തുക്കളിൽ ചേർത്തു നൽകുവാനോ പാടുള്ളതല്ല.
24. കാന്റീൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവും വിലയും പരസ്യമായി പ്രദർശിപ്പിക്കേണ്ടതാണ്.
25. ക്വട്ടേഷൻ പ്രകാരം അംഗീകരിച്ച നിരക്കുകളിൽ യാതൊരു കാരണവശാലും കരാർ കാലയളവിൽ മാറ്റം വരുത്തുവാൻ അനുവദിക്കുന്നതല്ല.
26. ഭക്ഷണം പാകം ചെയ്യുന്നതിനും വിളമ്പുന്നതിനും ക്യാഷ്/ബിൽ കൈകാര്യം ചെയ്യുന്നതിനും ആവശ്യാനുസരണം ജീവനക്കാരെ നിയോഗിക്കേണ്ടതാണ്. തിരക്ക് കൂടുന്നതിനനുസരിച്ച് ആനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്.
27. കാന്റീനിലെ ഭക്ഷണം പാകം ചെയ്യുന്നതും വിളമ്പി നൽകുന്നതുമായ എല്ലാ ജീവനക്കാർക്കും ഓവർകോട്ട്, ഏപ്രൺ, ക്യാപ്പ്, കൈയ്യുറ എന്നിവ നിർബന്ധമാണ്.
28. കരാറുകാരനും, കാന്റീൻ തൊഴിലാളികളും, ഉപഭോക്താക്കളും തമ്മിൽ ഉണ്ടാകാവുന്ന യാതൊരു തർക്കങ്ങൾക്കും കോളേജ്/യൂണിവേഴ്സിറ്റി ഉത്തരവാദികളായിരിക്കില്ല.
29. കാന്റീൻ അടുക്കളയിൽ ഗ്യാസ് അടുപ്പുകൾ മാത്രമെ ഉപയോഗിക്കാവൂ. വിറക് കത്തിക്കുന്നത്/വിറക് ഉപയോഗിക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു.
30. ഡൈനിംഗ് ഹാൾ, കാന്റീൻ പരിസരം, ശുചിമുറികൾ എന്നിവ മാലിന്യ മുക്തവും, ശുചിത്വപൂർണ്ണവും ആയി സൂക്ഷിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്. കാന്റീനിന്റെ പരിസരത്തുള്ള വാഷ്ബേസിൻ, ടോയ്‌ലറ്റുകൾ മുതലായവ ശുചിയാക്കി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം കരാറുകാരനിൽ പൂർണ്ണമായും നിക്ഷിപ്തമായിരിക്കുന്നതാണ്.
31. ഭക്ഷണം പാചകം ചെയ്യുന്ന സ്ഥലം, ഭക്ഷണം കഴിക്കുന്ന സ്ഥലം എന്നിവിടങ്ങൾ പതിവായി വൃത്തിയാക്കേണ്ടതാണ്. കൂടാതെ, ശരിയായ മാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കണം. മാലിന്യങ്ങൾ ജൈവ അജൈവ, പുനരുപയോഗിക്കാവുന്ന, പുനരുപയോഗിക്കാനാവാത്ത വിഭാഗങ്ങളായി വേർതിരിക്കുകയും നിർദ്ദിഷ്ട മാലിന്യ ശേഖരണ കേന്ദ്രങ്ങളിൽ ഏൽപ്പിക്കുകയോ സ്വന്തം ഉത്തരവാദിത്വത്തിൽ സംസ്കരിക്കുകയോ വേണം. ഈ രീതികൾ പാലിക്കുന്നതിൽ പരാജയപ്പെടുന്നത് പിഴ ചുമത്തുന്നതിനോ കരാർ അവസാനിപ്പിക്കുന്നതിനോ കാരണമായേക്കാം.
32. താമസ ആവശ്യങ്ങൾക്കായി കാന്റീൻ സൗകര്യങ്ങൾ ഉപയോഗിക്കുന്നത് അനുവദിക്കുന്നതല്ല.

33. കാന്റീനിലെ കെട്ടിട സജ്ജീകരണങ്ങൾക്കും, ഉപകരണങ്ങൾക്കും മറ്റ് സാധന സാമഗ്രികൾക്കും എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചാൽ, അവയ്ക്കുള്ള നഷ്ടപരിഹാരത്തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.
34. ഏർപ്പെട്ട കരാറിൽ നിന്ന് പിൻമാറാൻ ഉദ്ദേശ്യമുള്ള പക്ഷം കുറഞ്ഞത് രണ്ട് മാസം മുൻപ് ബന്ധപ്പെട്ട അധികാരിക്ക് മുൻപാകെ നോട്ടീസ് നൽകേണ്ടതാണ്. അങ്ങനെ നോട്ടീസ് കൂടാതെ കരാറുകാരൻ പിൻമാറുന്ന പക്ഷം അടച്ചിട്ടുള്ള സ്ഥിര നിക്ഷേപം തിരികെ നൽകുന്നതല്ല.
35. കോളേജ് മേധാവിക്കോ, മേധാവി അധികാരപ്പെടുത്തുന്ന വ്യക്തിക്കോ / വ്യക്തികൾക്കോ കാന്റീൻ കമ്മിറ്റി അംഗങ്ങൾക്കോ ഏതൊരു സമയത്തും കാന്റീനിന്റെ പ്രവർത്തനം പരിശോധിക്കാനുള്ള അധികാരമുണ്ടായിരിക്കും. അദ്ദേഹം പുറപ്പെടുവിക്കുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ പാലിക്കാൻ കരാറുകാരൻ എന്നും ബാധ്യസ്ഥനാണ്.
36. കാന്റീൻ നടത്തിപ്പിനാവശ്യമായ വൈദ്യുതി, പാചകവാതകം മുതലായ തുടർ ചെലവുകൾ കരാറുകാരൻ തന്നെ വഹിക്കണം. കെട്ടിട വാടക, വെള്ളത്തിന്റെ നിരക്ക് (പ്രതിദിനം 2000 ലിറ്റർ) ഉൾപ്പടെ 15,000 രൂപ, എല്ലാ മാസവും 10-ാം തീയതിക്കു മുമ്പായി കോളേജ് ഓഫീസിൽ അടയ്ക്കേണ്ടതാണ്. അധികമായി ചെലവാക്കുന്ന വെള്ളത്തിന് കാന്റീൻ കമ്മറ്റി നിശ്ചിയിക്കുന്ന പ്രകാരം തുക അടവാക്കേണ്ടതാണ്. വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി. ഓഫീസിൽ അടവാക്കി രശീതി കോളേജ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സർവ്വകലാശാലയ്ക്ക് ഏതെങ്കിലും കാരണവശാൽ വെള്ളം നൽകുവാൻ സാധിച്ചില്ലെങ്കിൽ കരാറുകാരൻ അത് സ്വന്തം നിലക്ക് ലഭ്യമാക്കേണ്ടതാണ്. വൈദ്യുതി തകരാറുമൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നപക്ഷം പകരം സംവിധാനം ഒരുക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
37. കോളേജ് മേധാവിക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാർ കാരണമൊന്നും ബോധിപ്പിക്കാതെ, 48 മണിക്കൂർ മുൻപ് നോട്ടീസ് നൽകി റദ്ദാക്കാവുന്നതാണ്.
38. കാന്റീൻ നടത്തുന്നതിന് ആവശ്യമായ മേശ, കസേര, മറ്റ് ഫർണ്ണിച്ചറുകൾ, ഉപകരണങ്ങൾ മുതലായവ കരാറുകാരൻ കൊണ്ടുവരേണ്ടതാണ്. കന്റീൻ നടത്തുന്നതിന് കോളേജിൽ നിന്നും എന്തെങ്കിലും സാധനങ്ങൾ നൽകുന്ന പക്ഷം അവയുടെ കണക്കെടുത്ത് പരസ്പരം സാക്ഷ്യപ്പെടുത്തേണ്ടതും, കരാർ കാലാവധിക്കു ശേഷം തർക്കരഹിതമായി തിരിച്ചു നൽകേണ്ടതുമാണ്.
39. കാന്റീൻ ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായാണോ കാന്റീൻ പ്രവർത്തിക്കുന്നത് എന്ന് കാന്റീൻ കമ്മിറ്റി നിശ്ചിത ഇടവേളകളിൽ പരിശോധിക്കുകയും, ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതായി കമ്മിറ്റിക്ക് ബോധ്യപ്പെട്ടാൽ നടത്തിപ്പുകാരനുമായിട്ടുള്ള കരാർ റദ്ദാക്കാൻ എപ്പോൾ വേണമെങ്കിലും സ്ഥാപന മേധാവിയോട് ശുപാർശ ചെയ്യാനും കരാർ റദ്ദാക്കാനുമുള്ള അധികാരം കോളേജ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

16/7/25

സ്പെഷ്യൽ ഓഫീസർ

SPECIAL OFFICER
College of Dairy Science and Technology
Kerala Veterinary and Animal Sciences University
Kolahalamedu, Idukki Dt., Kerala - 685501

പകർപ്പ്- 1) സർവ്വകലാശാല വെബ്ബ് സൈറ്റ്
2) നോട്ടീസ് ബോർഡ്
3) ഫയൽ / സ്റ്റോക്ക്